തിരുവനന്തപുരം ജില്ല: (1) കുമാരപുരം, (2) കണിയാപുരം
കൊല്ലം ജില്ല: കുളക്കട
ആലപ്പുഴ ജില്ല: ആര്യാട്

മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിലെ ഏഴ് അഫിലിയേറ്റഡ് കോളേജുകളിലും നാലു യൂണിവേഴ്സിറ്റി സെന്ററുകളിലും കോമേഴ്സ് ബി. എഡ്. കോഴ്സുകൾ നടത്തി വരുന്നു. കണ്ണൂർ യൂണിവേഴ്സിറ്റിയുടേയും കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടേയും കീഴിൽ കോമേഴ്സ് ബി. എഡ്. കോഴ്സുകൾ നിലവിലുള്ള ബി. എഡ്. കോളേജുകളുടെ വിവരം ശേഖരിച്ച് സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതാണ്.

(ഡി) നിലവിൽ കോമേഴ്സ് വിഷയത്തിൽ ബി. എഡ്. കോഴ്സ് നടത്തുന്ന ട്രെയിനിംഗ് കോളേജുകൾ ആവശ്യാനുസരണം ഉണ്ട് എന്നതിനാൽ ചോദ്യം പ്രസക്തമല്ല.

"വിദ്യാർത്ഥികളുടെ നിലവാരം ഉയർത്താൻവേണ്ട നടപടി"

*14 [850] ശ്രീ. ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഗോളവത്ക്കരണത്തിന്റെയും ലോകതലത്തിലുള്ള മത്സരത്തിന്റേയും കാലഘട്ടത്തിൽ നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായം അപര്യാപ്തവും വളരെ പിന്നിലാണ് എന്ന കാര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ശാസ്ത്ര-സാങ്കേതിക വിഷയങ്ങൾ സുരക്ഷിതമായ അദ്ധ്യാപന രീതിയുടെ അഭാവത്താൽ വിദ്യാർത്ഥികൾക്ക് ശരിയായ രീതിയിൽ മനസ്സിലാക്കുവാൻ ബുദ്ധിമുട്ടാകുമെന്ന സംഗതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത അദ്ധ്യയനരീതി ഏകീകരിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും നൂതന വിഷ്വൽ ഐ.റ്റി. ഉപകരണങ്ങളുടെ ഉപയോഗം എല്ലാ സ്കൂളുകളിലും ഉറപ്പുവരുത്തുവാൻ നിർദ്ദേശം നൽകുമോ;

(ഡി) ശാസ്ത്ര-സാങ്കേതിക വിഷയങ്ങളെ അധികരിച്ച് ലോകനിലവാരം പുലർത്തുന്ന സി. ഡി.-കളും അനുബന്ധ സാമഗ്രികളും പഠന ഉപാധികളായി സ്കൂളുകളിൽ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(ഇ) സംസ്ഥാനത്തെ വിദ്യാർത്ഥികളുടെ നിലവാരം കാര്യക്ഷമമായി വിലയിരുത്തുവാൻ തക്കനിലയിൽ പരീക്ഷാചോദ്യങ്ങൾ ഏകീകൃത ഭാവത്തിൽ തയ്യാറാക്കി എല്ലാ സ്കൂളുകൾക്കും നൽകി പരീക്ഷകൾ നടത്തുവാൻ സർക്കാർ നടപടി കൈക്കൊള്ളുമോ എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി):

(എ) അപര്യാപ്തത ഉണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) പരിശോധിച്ച് ആവശ്യമായ നിർദ്ദേശം നൽകുന്നതാണ്.

(ഡി) പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(ഇ) പരിശോധിച്ച് ആവശ്യമായ നടപടി കൈക്കൊള്ളുന്നതാണ്.

വിദ്യാഭ്യാസ സൗകര്യം വളരെ കുറഞ്ഞ പ്രദേശങ്ങളിൽ എൽ. പി. സ്കൂൾ

*15 [851] ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിദ്യാഭ്യാസ സൗകര്യം വളരെ കുറഞ്ഞതും മൂന്ന് കിലോമീറ്ററിനുള്ളിൽ എൽ. പി. സ്കൂൾ ഇല്ലാത്തതുമായ പ്രദേശങ്ങളിൽ ഗവൺമെന്റ് ഉടമയിലോ എയ്ഡഡ് മേഖലയിലോ എൽ. പി. സ്കൂൾ ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി):

ഇക്കാര്യം തൽക്കാലം പരിഗണനയിലില്ല.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

കാലവർഷക്കെടുതിയിൽ വീട്, കൃഷി എന്നിവ നശിച്ചവർക്ക് സാമ്പത്തിക സഹായം

1 [4976] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിൽ കാലവർഷക്കെടുതിമൂലം വീട്, കൃഷി എന്നിവ നശിച്ച എത്ര പേർക്ക് സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സാമ്പത്തിക സഹായത്തിൻപ്രകാരം ഉദുമ നിയോജകമണ്ഡലത്തിൽപ്പെട്ട എത്ര പേർക്ക് എത്ര തുക വീതം ആർക്കൊക്കെ നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ?

ഉത്തരം

(എ) വീട് നശിച്ച 2485 പേർക്കും, കൃഷി നശിച്ച 10512 പേർക്കും സഹായം അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly